**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 135** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹമത്തുള്ള ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാത്തത് മൂലം മെഡിക്കൽ കോളേജുകളുടെയും സർക്കാർ ആശുപത്രികളുടെയും പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വിലയിരുത്തിയിട്ടുണ്ട്. 1961 ലെ സ്റ്റാഫ് പാറ്റേണാണ് സർക്കാർ ആശുപത്രികളിൽ പിൻതുടർന്ന് വന്നിരുന്നത്. എന്നാൽ 2008 ൽ പി.എച്ച്.സി., 24*7 പി.എച്ച്.സി., സി.എച്ച്.സി. തലത്തിലുള്ള സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ആർദ്രം പദ്ധതി നടപ്പിലാക്കിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള 4693 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി LSGD, എച്ച്.എം.സി., എൻ.എച്ച്.എം., KASP, മെഡിസെപ്പ് എന്നിവ പ്രകാരവും ജീവനക്കാരെ താത്കാലിക അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ നിയമിച്ച് സേവനങ്ങൾ നൽകിവരുന്നു. തുടർന്നും ഐ.പി.എച്ച്.എസ്. സ്റ്റാൻഡേർഡൈസേഷൻ പ്രകാരം വിവിധ തലത്തിലുള്ള ആശുപത്രികൾക്ക് ആവശ്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നുണ്ട്. അതിനനുസരിച്ച് തസ്തികകൾ സൃഷ്ടിച്ച് വരുന്നു.

**(ബി)** മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി അനുവദിക്കപ്പെട്ട ഡോക്ടർമാരുടേയും നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പടെയുള്ള മറ്റ് ജീവനക്കാരുടേയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(സി)** മഞ്ചേരി മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനും ഒഴിവുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും

സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഐ.പി.എച്ച്.എസ്. സ്റ്റാൻഡേർഡൈസേഷൻ പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള വിവിധ തലത്തിലുള്ള ആശുപത്രികൾക്ക് ആവശ്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ചു വരുന്നു. ആയതിന്റെ ഭാഗമായി മഞ്ചേരി ജനറൽ ആശുപത്രിയിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. അപ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിർബന്ധമായും ഉണ്ടാവേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നുണ്ട്. അതിനനുസരിച്ച് സ്റ്റാഫ് റിക്വയർമെന്റ്സ് മാറുന്നുണ്ട്. അപ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നതിനനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
(മഞ്ചേരി ജനറൽ ആശുപത്രി)

| ക്രമനം. | തസ്തിക | അനുവദിച്ച എണ്ണം | നിലവിലെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|
| 1 | സൂപ്രണ്ട് | 1 | 1 | 0 |
| 2 | ഡെപ്യൂട്ടി സൂപ്രണ്ട് | 1 | 1 | 0 |
| 3 | ലേ സെക്രട്ടറി & ട്രഷറർ | 1 | 1 | 0 |
| 4 | സീനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 | 0 | 1 |
| 5 | കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 3 | 2 | 1 |
| 6 | കൺസൾട്ടന്റ് (ജനറൽ സർജറി) | 2 | 1 | 1 |
| 7 | കൺസൾട്ടന്റ് (ഗൈനക്ക്) | 3 | 2 | 1 |
| 8 | കൺസൾട്ടന്റ് (പീഡിയാക്) | 3 | 2 | 1 |
| 9 | കൺസൾട്ടന്റ് (ഓർത്തോ) | 3 | 2 | 1 |
| 10 | കൺസൾട്ടന്റ് (ഇ.എൻ.ടി.) | 1 | 0 | 1 |
| 11 | കൺസൾട്ടന്റ് (സൈക്യാട്രി) | 1 | 1 | 0 |
| 12 | കൺസൾട്ടന്റ് (അനസ്തേഷ്യ) | 2 | 2 | 0 |

| | | | | |
|---|---|---|---|---|
| 13 | കൺസൾട്ടന്റ് (ഡെർമറ്റോളജി) | 1 | 1 | 0 |
| 14 | കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) | 3 | 3 | 0 |
| 15 | കൺസൾട്ടന്റ് (പി.എം.ആർ) | 1 | 1 | 0 |
| 16 | കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) | 1 | 1 | 0 |
| 17 | കൺസൾട്ടന്റ് (ഡെന്റൽ) | 1 | 1 | 0 |
| 18 | ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1 | 1 | 0 |
| 19 | ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) | 1 | 1 | 0 |
| 20 | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്) | 2 | 2 | 0 |
| 21 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാക്) | 1 | 1 | 0 |
| 22 | ജൂനിയർ കൺസൾട്ടന്റ്(ഇ.എൻ,ടി) | 1 | 1 | 0 |
| 23 | ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) | 1 | 1 | 0 |
| 24 | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 | 1 | 0 |
| 25 | ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) | 2 | 2 | 0 |
| 26 | ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) | 1 | 1 | 0 |
| 27 | ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ) | 1 | 1 | 0 |
| 28 | ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) | 1 | 1 | 0 |
| 29 | ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) | 1 | 1 | 0 |
| 30 | ജൂനിയർ കൺസൾട്ടന്റ് (ബ്ലഡ് ബാങ്ക്) | 1 | 1 | 0 |
| 31 | ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി) | 1 | 1 | 0 |
| 32 | അസിസ്റ്റന്റ് സർജൻ/ ആർ.എം.ഒ | 2 | 1 | 1 |
| 33 | ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 | 1 | 0 |
| 34 | ചീഫ് നഴ്സിംഗ് ഓഫീസർ | 1 | 0 | 1 |
| 35 | നഴ്സിംഗ് സൂപ്രണ്ട് | 3 | 1 | 2 |
| 36 | ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് | 1 | 1 | 0 |
| 37 | സ്റ്റോർ സൂപ്രണ്ട് | 1 | 1 | 0 |
| 38 | ജില്ലാ ഒഫ്ത്താൽമിക് കോർഡിനേറ്റർ | 1 | 1 | 0 |
| 39 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 | 1 | 0 |
| 40 | സീനിയർ ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 | 0 |
| **നോൺ ഗസറ്റഡ്** | | | | |
| 41 | ഹെഡ് ക്ലാർക്ക് | 1 | 1 | 0 |
| 42 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 8 | 8 | 0 |
| 43 | എൽഡി/യുഡി ടൈപ്പിസ്റ്റ് | 2 | 2 | 0 |
| 44 | ഓഫീസ് അറ്റൻഡന്റ് | 2 | 1 | 1 |
| 45 | ഫിസിയോതെറാപ്പിസ്റ്റ് | 1 | 1 | 0 |
| 46 | സീനിയർ നഴ്സിംഗ് ഓഫീസർ | 32 | 32 | 0 |

| | | | | |
|---|---|---|---|---|
| 47 | നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 | 55 | 54 | 2 |
| 48 | നഴ്സിംഗ് ഓഫീസർ ഗ്രേഡ് 2 | 55 | 54 | |
| 49 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | 1 | 0 |
| 50 | ഫാർമസിസ്റ്റ് | 8 | 8 | 0 |
| 51 | ലാബ് ടെക്നീഷ്യൻ | 4 | 3 | 1 |
| 52 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | 1 | 0 |
| 53 | റേഡിയോഗ്രാഫർ | 2 | 1 | 1 |
| 54 | ഡെന്റൽ മെക്കാനിക് | 1 | 1 | 0 |
| 55 | ഡെന്റൽ ഹൈജീനിസ്റ്റ് | 1 | 1 | 0 |
| 56 | ഒപ്റ്റോമെട്രിസ്റ്റ് | 3 | 3 | 0 |
| 57 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 | 1 | 0 |
| 58 | സൈക്യാട്രിസ്റ്റ് സോഷ്യൽ വർക്കർ | 1 | 0 | 1 |
| 59 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 | 0 |
| 60 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 2 | 2 | 0 |
| 61 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| 62 | നഴ്സിംഗ് അസിസ്റ്റന്റ് | 72 | 61 | 11 |
| 63 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 | 19 | 12 | 7 |
| 64 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 61 | 53 | 8 |
| 65 | ഇ.സി.ജി.ടെക്നീഷ്യൻ | 1 | 1 | 0 |
| 66 | ഡ്രൈവർ | 4 | 4 | 0 |
| 67 | എക്സ്-റേ അറ്റൻഡർ | 1 | 1 | 0 |
| 68 | ലാബ് അറ്റൻഡർ | 1 | 1 | 0 |
| 69 | എ.ആർ.എൽ. അറ്റൻഡർ | 1 | 1 | 0 |
| 70 | പാർട്ട് ടൈം സ്വീപ്പർ | 4 | 4 | 0 |
| | **ആകെ** | **405** | **382** | **43** |

Appendix-135

## GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Associate Professor | | | Assistant Professor | | |
|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| General Medicine | 1 | 1 | 0 | 3 | 2 | 1 | 4 | 4 | 0 |
| Cardiology | 1 | 1 | 0 | 1 | 1 | 0 | 1 | 0 | 1 |
| Neurology | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 |
| Radiodiagnosis | 1 | 1 | 0 | 1 | 0 | 1 | 1 | 1 | 0 |
| Total | 3 | 3 | NIL | 5 | 3 | 2 | 7 | 6 | 1 |

# GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Associate Professor | | | Assistant Professor | | |
|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| Orthopaedics | 1 | 1 | 0 | 1 | 1 | 0 | 2 | 0 | 2 |
| Obstetrics and Gynaecology | 1 | 1 | 0 | 2 | 2 | 0 | 2 | 2 | 0 |
| ENT | 1 | 1 | 0 | 1 | 1 | 0 | 1 | 1 | 0 |
| Total | 3 | 3 | NIL | 4 | 4 | 0 | 5 | 3 | 2 |

# GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Associate Professor | | | Assistant Professor | | |
|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| Paediatrics | 1 | 1 | 0 | 1 | 1 | 0 | 2 | 2 | 0 |
| Psychiatry | 0 | 0 | 0 | 1 | 1 | 0 | 1 | 1 | 0 |
| D & V | 1 | 1 | 0 | 1 | 1 | 0 | 1 | 0 | 1 |
| Total | 2 | 2 | NIL | 3 | 3 | NIL | 4 | 3 | 1 |

# GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Associate Professor | | | Assistant Professor | | |
|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| Anaesthesiology | 5 | 0 | 5 | 2 | 2 | 0 | 1 | 0 | 1 |
| Ophthalmology | 1 | 1 | 0 | 1 | 1 | 0 | 1 | 0 | 1 |
| Emergency medicine | 1 | 1 | 0 | 1 | 0 | 1 | 0 | 0 | 0 |
| Total | 7 | 2 | NIL | 4 | 3 | NIL | 2 | 0 | 2 |

# GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Associate Professor | | | Assistant Professor | | |
|---|---|---|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| | 1 | 1 | 0 | 3 | 3 | 0 | 4 | 4 | 0 |
| Total | 1 | 1 | NIL | 3 | 3 | NIL | 4 | 4 | 0 |

# GOVERNMENT MEDICAL COLLEGE, MANJERI

| Department | Professor | | | Assistant Professor | | |
|---|---|---|---|---|---|---|
| | Sanctioned | Existing | Vacancies | Sanctioned | Existing | Vacancies |
| Pulmonary Medicine | 1 | 1 | 0 | 2 | 2 | 0 |
| CVTS | 0 | 0 | 0 | 1 | 0 | 1 |
| PMR | 0 | 0 | 0 | 1 | 1 | 0 |
| Nephrology | 0 | 0 | 0 | 1 | 1 | 0 |
| Genito Urinary Surgery | 0 | 0 | 0 | 1 | 0 | 1 |
| Total | 1 | 1 | NIL | 6 | 4 | NIL |